<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2029</u> <u>09-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതമേഖലയിൽ ആദ്യഘട്ടമായി പണി പൂർത്തീകരിച്ച മൂളിയാർ, കുമ്പടജെ, കാറഡുക്ക, ബെള്ളൂർ, കയ്യൂർ-ചീമേനി എന്നീ ബഡ്സ് സ്കൂളുകളെ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് അവ മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ 11.02.2020-ലെ സ.ഉ (സാധാ) നം.70/2020/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. കൂടാതെ മഹാത്മ മോഡൽ ബഡ്സ് സ്കൂളായ പുല്ലൂർ-പെരിയയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ 6 ബഡ്സ് സ്കൂളുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുള്ള ബഡ്സ് സ്കൂളുകൾ മോഡൽ റസിഡൻഷ്യൽ സെന്ററുകളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ? | (സി) | ഉണ്ട്. മൂളിയാർ, കുമ്പടജെ, കാറഡുക്ക, ബെള്ളൂർ, കയ്യൂർ-ചീമേനി, പുല്ലൂർ-പെരിയ എന്നീ 6 ബഡ്സ് സ്കൂളുകളും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മാതൃകാ ശിശു പുനരധിവാസകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിച്ചുകൊണ്ട് 11.02.2020-ലെ സ.ഉ(സാധാ) നം.70/2020/ സാ.നീ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ എൻമകജെ, പനത്തടി, കള്ളാർ, ബദിയടുക്ക എന്നീ 4 ബഡ്സ് സ്കൂളുകളെ സാമൂഹ്യ നീതി വകുപ്പ് ഏറ്റെടുത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ